(ജി) വികലാംഗരുടെ ജോലി സംവരണം അട്ടിമറിക്കുന്നതിനേ പുതിയ നീക്കം ഉതകൂ എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 28-6-2007-ലെ സ.ഉ.(പി)നം.32/07/സാക്ഷേവ, 15-9-2007-ലെ സ.ഉ.(പി)നം.50/7/സാക്ഷേവ, 19-5-08-ലെ സ.ഉ.(പി)നം.31/08/സാക്ഷേവ, എന്നീ ഉത്തരവുകൾ പ്രകാരം 3% സംവരണമനുസരിച്ചുള്ള എല്ലാ വികലാംഗ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അതെ.

(ഡി) 2004 മുതൽ 2006 വരെയുള്ള വികലാംഗർക്കർഹതപ്പെട്ട ബാക്ക്ലോഗ് ഒഴിവുകൾ നികത്തുന്നതിനുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനായുള്ള അംഗീകാരത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) 1995-ലെ PWD ആക്ട് പ്രകാരം വികലാംഗർക്ക് അനുയോജ്യമെന്ന് കണ്ടെത്തിയ തസ്തികകളിലാണ് വികലാംഗർക്ക് സംവരണ നിയമനം നൽകേണ്ടത്. ഇതനുസരിച്ച് വികലാംഗർക്ക് 3% സംവരണം നൽകേണ്ട കാറ്റഗറികൾ നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ട്.

(എഫ്) വികലാംഗരിലെ ഏതെങ്കിലും വിഭാഗത്തിന് സംവരണത്തിൽ നഷ്ടം വരാൻ സാദ്ധ്യതയില്ല. കാരണം 1:1:1 എന്ന അനുപാതത്തിൽ നിയമനം നല്കുമ്പോൾ ആദ്യ അവസരം ലഭിക്കുന്നത് അന്ധർ/കാഴ്ചക്കുറവുള്ളവർ വിഭാഗത്തിനാണ്.

(ജി) ഇല്ല. വികലാംഗരുടെ ജോലി സംവരണം കൂടുതൽ വിഭാഗം തസ്തികകളിൽ ഉറപ്പാക്കുന്നതിനും സമയബന്ധിതമായി പി.എസ്.സി. വഴി നിയമനം നടത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചതു വഴി ജോലി സാധ്യത വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഫീസുകൾ കളക്ടറേറ്റിനോടൊപ്പം സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കണമെന്ന ഉത്തരവ്

92 (6251) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാതലത്തിലുള്ള സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഫീസുകൾ അതാത് കളക്ടറേറ്റിനോടൊപ്പം സിവിൽ സ്റ്റേഷനിൽ പ്രവർത്തിപ്പിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം ജില്ലയിലെ ജില്ലാ സാമൂഹ്യക്ഷേമ ആഫീസ്, ജില്ലാ ഐ. സി. ഡി. എസ്. പ്രോഗ്രാം ആഫീസ്, ജില്ലാ പ്രൊബേഷൻ ആഫീസ്, എന്നിവ സിവിൽസ്റ്റേഷനിലേക്ക് മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആഫീസുകൾ പ്രവർത്തിപ്പിക്കുവാൻ പുതിയ സിവിൽസ്റ്റേഷനിൽ സ്ഥലം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിൽ ഉത്തരവു പുറപ്പെടുവിച്ചിട്ടില്ല.

(ബി) സിവിൽസ്റ്റേഷനോടനുബന്ധിച്ച് എല്ലാ ജില്ലാതല ഓഫീസുകളും പ്രവർത്തിക്കുന്നത് ഭരണ സൗകര്യത്തെ ഉദ്ദേശിച്ചാണ്. അതുകൊണ്ട് തിരുവനന്തപുരം ജില്ലയിൽ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ്, ജില്ലാ ഐ.സി.ഡി.എസ് ആഫീസ്, ജില്ലാ പ്രൊബേഷൻ ആഫീസ് എന്നിവ മതിയായ സ്ഥല സൗകര്യം ലഭിക്കുന്ന പക്ഷം സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നത് ഉചിതമാകുമെന്ന് കരുതുന്നു.

(സി) സ്ഥലം ലഭ്യമാക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഗ്രേഡ് II ജില്ലാ പ്രൊബേഷൻ ഓഫീസർമാരുടെ ഒഴിവുകൾ

93 (6252) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ ഗ്രേഡ് II ജില്ലാ പ്രൊബേഷൻ ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ ;

(ബി) ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഈ തസ്തികയിലേക്ക് ഇപ്പോൾ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. രണ്ട് ഒഴിവുകൾ

(ബി) വകുപ്പിൽ പ്രാബല്യത്തിലുള്ള വിശേഷാൽ ചട്ട പ്രകാരം പ്രൊമോഷൻ വഴി നികത്തേണ്ട ഒഴിവുകളാണിവ.

(സി) ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly